## മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

113 [302] ശ്രീ. കെ. സുധാകരൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. അച്ചുതൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എവിടെയെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുവാൻ പരിപാടിയുണ്ട്;

(ബി) ഇവയുടെ നിർമ്മാണം എന്ന് ആരംഭിച്ച് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുമ്പോൾ മത്സ്യബന്ധനം എത്ര കണ്ട് വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്?

### ഉത്തരം

(എ) കൊയിലാണ്ടി, തലായി, കാസർഗോഡ്, ചെറുവത്തൂർ, പരപ്പനങ്ങാടി, താനൂർ, അർത്തുങ്കൽ, ചേറ്റുവ, ചെല്ലാനം, വർക്കല എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം തുടർന്നുള്ള നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കും.

(സി) അന്വേഷണ-ഗവേഷണ പഠനങ്ങൾക്കുശേഷം വിശദമായ രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ ഓരോ മത്സ്യബന്ധന കേന്ദ്രത്തിലും മത്സ്യബന്ധനത്തിലുണ്ടാകുന്ന വർദ്ധനവ് നിർവ്വചിക്കുവാൻ സാധിക്കുകയുള്ളൂ.

## കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ മണൽത്തിട്ട

114 [303] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ മണൽത്തിട്ട വന്ന് അടിയുന്നതുമൂലം ബോട്ടുകൾ മണൽത്തിട്ടയിൽത്തട്ടി കേട് സംഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly